**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരീക്ഷാ രീതിയിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പഠനത്തിൽ മികവുള്ള കുട്ടികളെ കൃത്യമായി കണ്ടെത്തുന്ന രീതിയിൽ സ്കൂൾ പരീക്ഷകളെ മാറ്റുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി എന്തെങ്കിലും പഠനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ? | (ബി) | ആത്യന്തിക വിലയിരുത്തലിന്റെ ചോദ്യപേപ്പറുകൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾ എസ്.സി.ഇ.ആർ.ടി. നടത്തിയിട്ടുണ്ട്. 10, 12 ക്ലാസുകളുടെ മുൻവർഷ ചോദ്യ പേപ്പറുകളും പൊതുപരീക്ഷയിൽ കുട്ടികൾ എഴുതിയ ഉത്തരക്കടലാസുകളും പഠനവിധേയമാക്കിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ രംഗത്ത്, അധ്യാപനത്തിന്റെ ഫലപ്രാപ്തിയും വിദ്യാർഥികളുടെ പഠനത്തിന്റെ ആഴവും കാര്യക്ഷമതയും നിർണ്ണയിക്കുന്നതിൽ വിലയിരുത്തൽ പ്രക്രിയ പ്രധാന പങ്ക് വഹിക്കുന്നു. അതിൽ സുപ്രധാനമാണ് ആത്യന്തികവിലയിരുത്തലിന്റെ ഭാഗമായ പൊതു എഴുത്തുപരീക്ഷ. പഠിതാവിന്റെ വിലയിരുത്തൽ നിർവഹിക്കുന്നതിന് ഉപയോഗിക്കുന്ന സുപ്രധാന ഉപാധിയാണ് പരീക്ഷകൾ. ഒരു വിഷയത്തിന്റെ പഠനത്തിലൂടെ കുട്ടി കൈവരിച്ച മികവുകൾ എത്രമാത്രമാണ്? കുട്ടിക്ക് എന്തൊക്കെ പ്രയാസങ്ങൾ അനുഭവപ്പെട്ടു എന്നൊക്കെ മനസ്സിലാക്കുന്നതിന് എഴുത്തുപരീക്ഷകളിലൂടെ അവസരം ഒരുങ്ങുന്നു. എഴുത്തു പരീക്ഷകൾ മികവാർന്ന രീതിയിൽ നടപ്പാക്കുന്നതിന് ഉപയോഗിക്കുന്ന ടൂൾ ആണ് ചോദ്യപേപ്പർ. പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ ഓരോ വിഷയത്തിന്റെയും പൊതുപരീക്ഷകൾ ഇത്തരം ചോദ്യപേപ്പറുകൾ ഉപയോഗിച്ചാണ് നടത്തപ്പെടുന്നത്. വിലയിരുത്തൽ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സെക്കൻഡറി / ഹയർസെക്കൻഡറി തലങ്ങളിലെ ചോദ്യ പേപ്പർ എത്രമാത്രം മികവ് പുലർത്തുന്നുവെന്ന |

| | | | |
|---|---|---|---|
| | | | വിശകലനാത്മക പഠനമാണ് എസ്.സി.ഇ.ആർ.ടി. നടത്തിയത്. വിവിധ വർഷങ്ങളിലെ നിലവിലുള്ള പൊതുപരീക്ഷാ ചോദ്യപേപ്പറുകളുടെ സൂക്ഷ്മമായ വിശകലനം മാനദണ്ഡങ്ങൾക്കനുസരിച്ച് നടത്തുകയുണ്ടായി. 2010 മുതൽ 2024 വരെയുള്ള വർഷങ്ങൾക്കിടയിൽ നടന്ന തിരഞ്ഞെടുത്ത പൊതുപരീക്ഷകളിലെ ചോദ്യപേപ്പറുകളാണ് വിശകലനം ചെയ്തത്. പത്താം ക്ലാസിലെ 8 വിഷയങ്ങളുടെയും പന്ത്രണ്ടാം ക്ലാസിലെ 10 വിഷയങ്ങളുടെയും ചോദ്യപേപ്പറുകളാണ് വിശകലന വിധേയമാക്കിയത്. എഴുത്തുപരീക്ഷയെ മാത്രം ഊന്നമിട്ടുകൊണ്ടുള്ള പരമ്പരാഗത പരീക്ഷകളിൽ നിന്നു മാറി പഠനപ്രക്രിയയോടൊപ്പം നിരന്തരം വിലയിരുത്തപ്പെടുന്നതും ആത്യന്തികമായി വിലയിരുത്തപ്പെടുന്നതുമായ ഒരു സമ്മിശ്രരീതിയാണ് ഇപ്പോൾ നിലവിലിരിക്കുന്നത്. ഈ സമീപനം അനുസരിച്ചുള്ള പൊതു എഴുത്തുപരീക്ഷയിൽ കുട്ടികൾ എത്രമാത്രം കൃത്യതയോടെ ഉത്തരങ്ങൾ എഴുതുന്നു എന്ന അന്വേഷണം അത്യന്താപേക്ഷിതമാണ്. സെക്കൻഡറി - ഹയർ സെക്കൻഡറി തലത്തിലെ പൊതുപരീക്ഷകളിൽ വിവിധ വിഷയങ്ങളിലെ ഉത്തരക്കടലാസുകളുടെ പൊതുമികവ് എത്രത്തോളമെന്ന് കണ്ടെത്തുന്നതിനായി വിദ്യാർഥികളുടെ ഉത്തരക്കടലാസുകൾ വിശകലന വിധേയമാക്കി. പഠിതാക്കളുടെ ബൗദ്ധിക കഴിവുകൾ, അറിവിന്റെ പ്രയോഗശേഷി, വിമർശനാത്മകചിന്താശേഷി എന്നിവ സംബന്ധിച്ച വിശകലനാത്മക പഠനമാണ് എസ്.സി.ഇ.ആർ.ടി. നടത്തിയിരിക്കുന്നത്. ഈ ഗവേഷണപഠനം, ഉള്ളടക്ക ധാരണ, ഭാഷയും ആവിഷ്കാരവും, അറിവിന്റെ പ്രയോഗം, വിമർശനാത്മക ചിന്താശേഷി എന്നീ സൂചികകളുടെ അടിസ്ഥാനത്തിൽ വിദ്യാർഥികളുടെ സമഗ്രമായ പഠനത്തിനുള്ള ഒരു ദിശാനിർദേശം നൽകുന്നു. ഇത്തരത്തിലുള്ള വിശകലനങ്ങൾ അധ്യാപന രീതികളെ വിദ്യാർഥികളുടെ പഠനഫലങ്ങളുമായി കൂടുതൽ സമന്വയിപ്പിക്കാൻ സഹായകമാകും. ഇത് പഠിതാക്കളുടെ പഠനഫലങ്ങളുടെ ഗുണമേന്മ വർധിപ്പിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുന്നതിനും അവസരമൊരുക്കുന്നതാണ്. പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുപരീക്ഷാചോദ്യപേപ്പർ തയ്യാറാക്കുന്ന അധ്യാപകർക്കുള്ള മാർഗനിർദേശങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ